# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3519** **08.11.2019 -ലെ മറുപടിയ്ക്ക്**

## <u>സർവകലാശാലകളെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കുന്നതിനുള്ള പദ്ധതി</u>

<u>*ചോദ്യം*</u> <u>*ഉത്തരം*</u>

ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. വി. അബ്ദുറഹിമാൻ
ശ്രീ. പി.കെ. ശശി
ശ്രീ. ജെയിംസ് മാത്യു

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

(എ) ഈ സർക്കാർ അധികാരത്തിൽ എത്തിയതിനു ശേഷം വിവിധ സർവകലാശാലകളിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുള്ള സാമ്പത്തിക സഹായത്തെ ക്കുറിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(എ) <u>കേരള സർവ്വകലാശാല</u> :

| Year | Projects | Amount in Lakhs (Rs.) |
|---|---|---|
| 2016-17 | Specific Projects | 610 |
| | Innovative Projects | 300 |
| 2017-18 | Specific Projects | 695 |
| | Innovative Projects | 350 |
| 2018-19 | Specific Projects | 550 |
| | Innovative Projects | 349 |
| 2019-20 | Specific Projects | 1230.18 |
| | Innovative Projects | 390 |

<u>മഹാത്മാഗാന്ധി സർവ്വകലാശാല</u> :

**2016-17 2000 ലക്ഷം രൂപ**
**2017-18 1500 ലക്ഷം രൂപ**
**2018-19 1559.19799 ലക്ഷം രൂപ**
**2019-20 432 ലക്ഷം രൂപ (30.10.2019 വരെ)**

<u>കോഴിക്കോട് സർവ്വകലാശാല</u> :

2016-17 23.50 കോടി രൂപ
2017-18 5 കോടി രൂപ
2018-19 13 കോടി രൂപ
2019-20 4 കോടി രൂപ

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u> :

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

യുടെ അക്കാദമിക ഗവേഷണ പ്രവർത്തനങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി കിഫ്ബി ഫണ്ടിൽ നിന്ന് 240.90 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സർവ്വകലാശാലയ്ക്ക് MHRD പ്രകാരം തുക അനുവദിച്ചിട്ടുള്ളത് താഴെ വിവരിക്കുന്നു.

(I). Phase I: ആകെ അനുവദിച്ച തുക 20,00,00,000/ (ഇരുപത് കോടി രൂപ)

(II).Phase II: ആകെ അനുവദിച്ച തുക 50,00,00,000/(അൻപത് കോടി രൂപ)

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല :**

| വർഷം | ഗവേഷണ വികസനത്തിനായി ലഭിച്ച തുക |
|---|---|
| 2016-17 | 115 ലക്ഷം രൂപ |
| 2017-18 | 210 ലക്ഷം രൂപ |
| 2018-19 | 150 ലക്ഷം രൂപ |
| 2019-20 | 160 ലക്ഷം രൂപ |

**കണ്ണൂർ സർവ്വകലാശാല :**

| സാമ്പത്തിക വർഷം | പദ്ധതി ധനസഹായം | യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് | റിസേർച്ച് പബ്ലിക്കേഷൻ | ഡി പി ഇ റിസേർച്ച് പ്രൊജക്റ്റ് | മൈനർ മേജർ റിസേർച്ച് പ്രൊജക്റ്റ് |
|---|---|---|---|---|---|
| 2017-18 | 24 കോടി | 60 ലക്ഷം | 12 ലക്ഷം | 10 ലക്ഷം | - |
| 2018-19 | 25 കോടി | 1 കോടി | - | - | 1 കോടി |
| 2019-20 | 25 കോടി | 1 കോടി | - | - | 70 ലക്ഷം |

**തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല**

2016-17 – 49.65 ലക്ഷം
2017-18 – 68.94 ലക്ഷം
2018-19 – 89.10 ലക്ഷം
2019-20 – 36.89 ലക്ഷം (30.10.2019 വരെ)

**ന്യുവാൽസ് :**

| വർഷം | ലഭിച്ച തുക |
|---|---|
| 2016-17 (സെന്ററിനായി) | 148 ലക്ഷം |
| 2017-18 (സെന്ററിനും അക്കാദമിക് പരിപാടികൾക്കുമായി) | 76.40 ലക്ഷം |
| 2018-19 (സെന്ററിനും അക്കാദമിക് പരിപാടികൾക്കുമായി) | 116.04 ലക്ഷം |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<u>എ.പി.ജെ അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u> :
<table>
<tr><th>നം.</th><th>സാമ്പത്തിക വർഷം</th><th>അനുവദിച്ച തുക (ലക്ഷത്തിൽ)</th></tr>
<tr><td>1</td><td>2016-17</td><td>220</td></tr>
<tr><td>2</td><td>2017-18</td><td>220</td></tr>
<tr><td>3</td><td>2018-19</td><td>250</td></tr>
<tr><td>4</td><td>2019-20</td><td>250</td></tr>
<tr><td></td><td>ആകെ</td><td>940</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ സർവകലാശാലകളെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കുന്നതിനുള്ള പദ്ധതി യെക്കുറിച്ച് അറിയിക്കാമോ; പ്രസ്തുത പദ്ധതിക്കായി എത്ര തുക അനുവദി ച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;</td>
<td>(ബി)</td>
<td>മഹാത്മാഗാന്ധി സർവ്വകലാശാലയെ ഇന്റർ നാഷണൽ സെന്റർ ഫോർ എക്സലൻസ് ഇൻ അക്കാദമിക് & റിസർച്ച് ആയി ഉയർത്തുന്നതിന് കിഫ് ബി പദ്ധതിയിൽ പെടുത്തി ₹132,75,81,772.35/-(നൂറ്റി മുപ്പത്തിരണ്ട് കോടി എഴുപത്തിയഞ്ച് ലക്ഷത്തി എൺപത്തി ഒരായിരത്തി എഴുന്നൂറ്റി എഴുപത്തിരണ്ട് രൂപ മുപ്പത്തിയഞ്ച് മാത്രം) രൂപയുടെ ഭരണാനുമതി നൽകുകയും ടി പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കിറ്റ് കോ എന്ന സ്ഥാപനത്തെ നിയോഗിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.<br>
പദ്ധതിയുടെ ഭാഗമായി ₹81,50,00,000 രൂപയുടെ എസ്റ്റിമേറ്റിൽ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനും ₹51,25,81,772.35 രൂപ എസ്റ്റിമേറ്റിൽ സെൻട്രൽ ലബോറട്ടറി കോംപ്ലക്സ് കെട്ടിട നിർമ്മാണത്തിനായുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.<br>
കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 165 കോടി രൂപയുടെയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 207.82 കോടി രൂപയുടെയും പദ്ധതിയ്ക്ക് ഭരണാനുമതി നൽകി കഴിഞ്ഞു.</td>
</tr>
<tr>
<td>(സി)</td>
<td>സർവകലാശാലകളുടെ പ്രവർത്തനങ്ങളും സേവനങ്ങളും ആധുനീകരിക്കുന്നതിന് നടത്തിയ പ്രവർത്തനത്തെക്കുറിച്ച് അറിയിക്കാമോ?</td>
<td>(സി)</td>
<td>• ചാൻസിലേഴ്സ് അവാർഡ്:– ബഹു.കേരളാ ഗവർണർ മുൻകൈയ്യെടുത്ത് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. നിലവിൽ രണ്ട് വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. സ്ഥാപിതമായി 12 വർഷം കഴിയാത്ത</td>
</tr>
</table>

സർവകലാശാലകളെ "Emerging and Young Universities" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 1 കോടി രൂപയും അല്ലാത്തവയ്ക്ക് 5 കോടി രൂപയുമാണ് അവാർഡായി നൽകുന്നത്.

- **കൈരളി ഗവേഷണ പുരസ്ക്കാരങ്ങൾ:-** ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസേർച്ച് അവാർഡുകൾ. പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കൈരളി ഗവേഷക പുരസ്ക്കാരം, റിസേർച്ച് ഫാക്കൽറ്റിക്ക് നൽകുന്ന കൈരളി ഗവേഷണ പുരസ്ക്കാരം, പ്രമുഖ ശാസ്ത്രജ്ഞർക്ക് സമഗ്ര സംഭാവനയ്ക്ക് നൽകുന്ന കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് എന്നിവയാണ് കൈരളി ഗവേഷണ അവാർഡ് ശ്രേണിയിൽ ഉൾപ്പെടുന്ന പുരസ്ക്കാരങ്ങൾ.
- **എറുഡൈറ്റ് പദ്ധതി:-** ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതിയാണ് 'എറുഡൈറ്റ്' അഥവാ 'Scholar in Residence Scheme'. ദേശീയ/അന്തർദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ച, നോബൽ സമ്മാന ജേതാക്കളടക്കമുള്ള പ്രമുഖരെ സംസ്ഥാനത്തെ സർവകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെത്തിച്ച് അവരുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നൊബേൽ സമ്മാന ജേതാക്കളടക്കമുള്ള ദേശീയ-അന്തർദേശീയ പ്രശസ്തരായ ഏകദേശം 300 റോളം അക്കാദമിക പണ്ഡിതർ ഈ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| | | | |
|---|---|---|---|
| | | | സന്ദർശിച്ചു.<br>• **കൗൺസിൽ ജേർണൽ:-** ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 'Higher Education for the Future' എന്ന 'ബൈ-ആനുവൽ' ജേർണൽ പ്രസിദ്ധീകരിച്ചു വരുന്നു. രാജ്യത്തിനകത്തും പുറത്തു നിന്നുമുള്ള അക്കാദമിക വിദഗ്ദ്ധരുടെ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ഈ ജേർണൽ Scopus Data Base ൽ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.